## പതിമൂന്നാം കേരള നിയമസഭ
### നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ടചോദ്യം നം. 11** **05.03.2012-ൽ മറുപടിയ്ക്ക്**

### കേന്ദ്രസർക്കാരിന് സമർപ്പിച്ച നിവേദനങ്ങളിന്മേൽ നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. എ.കെ. ബാലൻ**<br>**ശ്രീ. ബി.ഡി. ദേവസ്സി**<br>**ശ്രീ. എസ്. രാജേന്ദ്രൻ**<br>**ശ്രീ. ജെയിംസ് മാത്യു** | | **ശ്രീ. ഉമ്മൻചാണ്ടി**<br><br>**(മുഖ്യമന്ത്രി)** |
| എ) | മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള നിവേദക സംഘം കേന്ദ്ര സർക്കാരിന് സമർപ്പിച്ച നിവേദനങ്ങളിലെ ആവശ്യങ്ങളിന്മേൽ എന്തെല്ലാം കാര്യങ്ങളിൽ അന്തിമ തീരുമാനങ്ങൾ ഉണ്ടായെന്ന് വെളിപ്പെടുത്താമോ ; ഇതിൽ കേന്ദ്ര ഗവൺമെന്റ് ഇതിനകം ഉത്തരവ് ഇറക്കി സംസ്ഥാനത്തിന് പ്രത്യേകമായി അനുവദിച്ച കാര്യങ്ങൾ എന്തൊക്കെയാണ്; | (എ) | 2011 സെപ്തംബർ മാസത്തിലും നവംബർ മാസത്തിലും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഉന്നതതല സംഘം ഡൽഹി സന്ദർശിച്ച് കേന്ദ്ര ഗവൺമെന്റ് മുമ്പാകെ സമർപ്പിച്ച നിവേദനങ്ങളിൽ കേന്ദ്ര ഗവൺമെൻറ് അംഗീകരിച്ച പദ്ധതികൾ അനുബന്ധം I-ൽ ചേർത്തിട്ടുണ്ട്. |
| (ബി) | ഏതെങ്കിലും ആവശ്യം കേന്ദ്രം നിരാകരിക്കുകയുണ്ടായോ; അവ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ; | | (ബി), (സി) & (ഡി)<br><br>നിരവധി പദ്ധതികൾക്ക് കേന്ദ്ര സർക്കാർ അനുവാദം നൽകി; നിരവധി പദ്ധതികൾ പരിഗണിക്കാമെന്ന് കേന്ദ്ര ഗവൺമെന്റ് ഉറപ്പ് നൽകി. പാലക്കാട് കോച്ച് ഫാക്ടറിയുടെ ശിലാസ്ഥാപനം നടത്തി കഴിഞ്ഞു. ഉറപ്പു നൽകിയ പദ്ധതികളുടെ പട്ടിക അനുബന്ധം - II ആയി ചേർത്തിരിക്കുന്നു.<br>കേരളം ആവശ്യപ്പെട്ട ഒരു കാര്യത്തിലും കേന്ദ്ര സർക്കാർ നിഷേധാത്മക നിലപാട് എടുത്തിട്ടില്ല. |
| (സി) | കേന്ദ്ര ഗവൺമെന്റ് അടുത്ത ബഡ്ജറ്റിലൂടെ എന്തൊക്കെ കാര്യങ്ങൾ അനുവദിക്കാമെന്ന് ഉറപ്പ് നല്കിയിട്ടുണ്ട്; | | |
| (ഡി) | മുല്ലപ്പെരിയാർ ഡാം, വയനാട്ടിലെ കർഷക ആത്മഹത്യ, ദേശീയപാത സ്ഥലമെടുപ്പ്, ഐ.ഐ.ടി, മെട്രോ റെയിൽവേ, പുതിയ ജലവൈദ്യുത പദ്ധതി, സാമ്പത്തിക പാക്കേജ് തുടങ്ങിയ ഓരോ ആവശ്യത്തിന്മേലും കേന്ദ്ര ഗവൺമെന്റിൽ നിന്നും വ്യക്തമായ ഉറപ്പ് ലഭിക്കുകയുണ്ടായോ ; വ്യക്തമാക്കാമോ ? | | |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം I

കേന്ദ്രഗവൺമെന്റ് അംഗീകരിച്ച പദ്ധതികൾ

1. അട്ടപ്പാടിയിൽ സമഗ്ര പരിസ്ഥിതി സംരക്ഷണ പദ്ധതി
2. റേഷൻകടകളുടെ നവീകരണത്തിന് 120ം പദ്ധതിയിൽ ഉൾപ്പെടുത്തി സഹായം. സംസ്ഥാനത്തിന്റെ ആവശ്യത്തിന് അരിയും ഗോതമ്പും അനുവദിക്കൽ, ന്യായവില കടകളിലൂടെ അവശ്യസാധനങ്ങളുടെ വിതരണം.
3. സിൽക്കും എച്ച്.ഇ.എൽ മായുള്ള സംയുക്ത സംരംഭം, ഭാരത് ഹെവി ഇലക്ട്രിക്കൽ ലിമിറ്റഡും കേരളസർക്കാരുമായി ചേർന്ന് കാസർഗോഡ് ആരംഭിക്കുന്ന BHEL, Electric Machine Ltd, SCL ഉം SAIL .യുമായി ചേർന്നുള്ള സംയുക്ത സംരംഭം.
4. കായംകുളത്ത് നിന്നും തിരുവനന്തപുരത്തേക്ക് വാതക പൈപ്പ്ലൈൻ നീട്ടൽ, മണ്ണെണ്ണ വിഹിതം അനുവദിക്കൽ.
5. രാജീവ്ഗാന്ധി ഏവിയേഷൻ സെന്റർ പരിശീലനത്തിനായി ഇന്ത്യൻ എയർഫോഴ്സിന്റെ പഴയ വിമാനം അനുവദിക്കുന്നതിന് നടപടി.
6. ജൻറം പദ്ധതി പ്രകാരം തിരുവനന്തപുരം, കൊച്ചി നഗരങ്ങൾക്ക് കൂടുതൽ ബസ്സുകൾ വാങ്ങാനുള്ള തുക അനുവദിക്കാൻ നടപടി.
7. കൊച്ചി മെട്രോ റയിൽ പദ്ധതി.
8. എൻവയോൺമെന്റ് ഇംപാക്റ്റ് അസ്സസ്സ്മെന്റ് നോട്ടിഫിക്കേഷൻ 2006 പ്രകാരം സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്റ്റ് അസ്സസ്സ്മെന്റ് അതോറിറ്റിക്കും സ്റ്റേറ്റ്ലെവൽ എക്സ്പെർട്ട്കമ്മിറ്റിയും സ്ഥാപിക്കുന്നതിന് അനുമതി.
9. 35ാം ദേശീയ ഗെയിംസിന്റെ ഗെയിംസ് വില്ലേജ് സ്ഥാപിക്കുന്നതിന് ആർമിയുടെ സഹായത്തോടെ പ്രീ-ഫാബ്രിക്കേറ്റഡ് ഇൻഫ്രാസ്ട്രക്ചർ നിർമ്മാണത്തിനുള്ള അനുമതി.
10. കോൾ കൃഷിയുമായി ബന്ധപ്പെട്ട് 425 കോടി രൂപയുടെ പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം നൽകി.

## അനുബന്ധം II

കേന്ദ്രഗവൺമെന്റ് പരിഗണിക്കാമെന്ന് വ്യക്തമാക്കപ്പെട്ട പദ്ധതികൾ

1. കോൾ നില വികസനം, ഇടുക്കിയിൽ ആനിമൽ ഹസ്ബന്ററി പ്രോജക്ട്, വിദർഭാ പ്രോജക്ട്.
2. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക്DDRS പ്രകാരമുള്ള സഹായത്തിനുള്ള നിർദ്ദേശം.
3. എച്ച്.എം.റ്റി യൂണിറ്റ് കളമശ്ശേരി വികസനത്തിനും, പാലക്കാട് ഇൻസ്ട്രുമെന്റേഷൻലിമിറ്റഡിന്റെ നവീകരണത്തിനും വികസനത്തിനുമുള്ള പദ്ധതികൾ.
4. സ്കൂൾ കുട്ടികൾക്കായി വിവിധ സ്ഥലങ്ങളിൽ ഫുഡ് ബ്രിഡ്ജ് സ്ഥാപിക്കൽ,മിന്നലിനേയും കടലാക്രമണത്തേയും, പ്രകൃതിദുരന്തങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തൽ, കേരളത്തിൽ വിവിധോദ്ദേശ്യ സൈക്ലോൺ ഷെൽറ്ററുകൾ സ്ഥാപിക്കൽ, കേരളത്തിലെ 44 നദികളുടേയും റിവർ മാനേജ്മെന്റ് പ്രോഗ്രാമിന് പ്രത്യേക ധനസഹായം.
5. ടൈറ്റാനിയം സ്പോഞ്ച് സ്ഥാപിക്കൽ, ചീമേനിയിൽ വാതകാധിഷ്ഠിത വൈദ്യുത നിലയം.
6. ഡൽഹിയിൽ പുതിയ കേരളഭവന് സ്ഥലം അനുവദിക്കൽ.
7. ചേർത്തലയിൽ ഓർഡ്നൻസ് ഫാക്ടറി.
8. ഫുഡ്കോർപ്പറേഷനിൽ വാഗണുകൾ എത്തുമ്പോൾ ഭക്ഷ്യധാന്യവിതരണം സുഗമമാക്കാൻ നടപടി, എഫ്.സി.ഐ യിലെ തൊഴിലാളി പ്രശ്നം.
9. റെയർ എർത്ത് മിനറൽ ബനഫിക്കേഷൻ പ്രോജക്ട് കേരളത്തിൽ സ്ഥാപിക്കൽ.
10. വിഴിഞ്ഞം പദ്ധതിക്കുള്ള സെക്യൂരിറ്റി ക്ലിയറൻസ്.
11. കാലാവസ്ഥാ വ്യതിയാനത്തിനുള്ള ആക്ഷൻപ്ലാനിന് ലോകബാങ്ക് സഹായം.

---